ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഇത് സംബന്ധിച്ച ചില റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല.

30 (*310) സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജാശുപത്രികളിൽ ലബോറട്ടറി, എക്സ്റേ, ഇ.സി.ജി. സ്കാനിംഗ് എന്നീ സംവിധാനങ്ങൾ 24 മണിക്കൂറും തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടോ;

(ബി) മേൽപ്പറഞ്ഞ സൗകര്യങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും 24 മണിക്കൂറും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് വിവിധ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമായി കോടിക്കണക്കിന് രൂപ വിലയുള്ള ഉപകരണങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ സൗകര്യങ്ങൾ കൂടുതൽ ഏർപ്പെടുത്തുന്നതിന് രോഗികളിൽനിന്ന് മിതമായ ചാർജ്ജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജാശുപത്രികളിൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി, എക്സ്റേ, ഇ.സി.ജി. എന്നീ സംവിധാനങ്ങളുണ്ട്. സ്കാനിംഗ് സംവിധാനം ഇപ്പോൾ തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഉണ്ട്.

(ബി) ധനലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി ഈ സൗകര്യങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ഏർപ്പെടുത്തുന്നകാര്യം പരിശോധനയിലാണ്.

(സി)&(ഡി) ചില ഉപകരണങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കാൻ കഴിയാത്ത ഉപകരണങ്ങൾ ലേലം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ആശുപത്രികളിലെ കേടായ ഉപകരണങ്ങൾ ഐ.എച്ച്.ആർ.ഡി.യുടെ സേവനം ഉപയോഗപ്പെടുത്തി നന്നാക്കുന്നുണ്ട്. കൂടാതെ അതാതു സ്ഥാപനങ്ങളിലെ മേലധികാരികൾക്ക് അധികാരപരിധിയിൽ നിന്നുകൊണ്ട് അംഗീകൃത ഏജൻസികൾ മുഖാന്തിരം കാട്ടേഷൻ വ്യവസ്ഥയിൽ ഉപകരണങ്ങൾ നന്നാക്കുന്നതിനുള്ള് സംവിധാനവുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എച്ച്.ഡി.എസ്. മുഖാന്തിരം നടത്തുന്ന പരിശോധനാ സൗകര്യങ്ങൾക്ക് രോഗികളിൽനിന്നും സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള മിതമായ ചാർജ്ജ് ഈടാക്കുന്നു. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ചാർജ്ജ് ഈടാക്കുന്നില്ല.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1361) വാർഷിക വളർച്ചാ നിരക്ക്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം സംസ്ഥാനത്തിന്റെ വാർഷിക വളർച്ച എത്ര ശതമാനമാണ്;

(ബി) ഇതു ഇൻഡ്യയുടെ വാർഷിക വളർച്ചയെക്കാൾ കൂടുതലാണോ കുറവാണോ എന്നു പറയുമോ;

(സി) കുറവാണെങ്കിൽ സംസ്ഥാനത്തിന്റെ വാർഷിക വളർച്ച ഇൻഡ്യയുടെ വാർഷിക വളർച്ചക്കൊപ്പമെത്തണമെങ്കിൽ അടുത്ത രണ്ടു വർഷങ്ങളിലെ ഓരോ വർഷവും എന്തുതുക വീതം മുതൽ മുടക്കേണ്ടതുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിലെ വളർച്ച നിരക്ക് 1996-97-ൽ 7.1 ശതമാനവും 1997-98-ൽ 6.6. ശതമാനവുമായിരുന്നു. (1998-99 ലെ കണക്കുകൾ ലഭ്യമായിട്ടില്ല).

(ബി) 1996-97-ലെ ദേശീയ ശരാശരി വളർച്ചാനിരക്കായ 7.5 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ വളർച്ചനിരക്കിൽ (7.1 ശതമാനം) നേരിയ കുറവുണ്ട്. എന്നാൽ 1997-98-ൽ കേരളത്തിലെ വളർച്ചാനിരക്ക് (6.6 ശതമാനം) ദേശീയ ശരാശരിയായ 5 ശതമാനത്തിനേക്കാൾ കൂടുതലായിരുന്നു.

(സി) കേരളത്തിലെ കഴിഞ്ഞ രണ്ടു വർഷത്തെ ശരാശരി വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലായിരുന്നു.

2 (1362) പദ്ധതിയിനത്തിൽ ചെലവഴിക്കുന്ന തുക

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ പദ്ധതിയിനത്തിൽ എന്തുതുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly